# പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: **2669** 12.02.2019 -ലെ മറുപടി

## വെള്ളപ്പൊക്കം നിയന്ത്രിക്കാൻ ആധുനിക സംവിധാനങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എ.എം.ആരിഫ്<br>" എം.നൗഷാദ്<br>" ബി.ഡി.ദേവസ്സി<br>ശ്രീമതി യു. പ്രതിഭ | **കെ.കൃഷ്ണൻ കുട്ടി**<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്തുണ്ടായ കനത്ത പ്രളയം കണക്കിലെടുത്ത് പെരിയാർ, ചാലക്കുടി നദീതീരങ്ങളിലും കുട്ടനാട്ടിലേയ്ക്ക് ഒഴുകുന്ന നദികളിലും റിയൽ ടൈം ഫ്ളഡ് വാണിംഗ് സംവിധാനം സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;വിശദമാക്കാമോ ; | (എ) ഉണ്ട്. 2018 ആഗസ്റ്റിൽ, സംസ്ഥാനത്തുണ്ടായ കനത്ത പ്രളയം ഏറ്റവും കൂടുതൽ ബാധിക്കപ്പെട്ട നദീതടങ്ങളായ പെരിയാർ, ചാലക്കുടി അതുപോലെതന്നെ കുട്ടനാടിലേയ്ക്ക് പ്രവഹിക്കുന്ന പമ്പ, മീനച്ചിൽ, അച്ചൻകോവിൽ, മണിമല, മൂവാറ്റുപുഴ എന്നീ നദീതടങ്ങളിലും വെള്ളപ്പൊക്ക പ്രവചന സംവിധാനം സജ്ജീകരിക്കുവാനുള്ള നടപടിക്രമങ്ങൾ നാഷണൽ ഹൈഡ്രോളജി പ്രോജക്ടിനുകീഴിൽ ആരംഭിച്ചു കഴിഞ്ഞു. |
| (ബി) നദികളുടെ പരിപാലനത്തിനായും വെള്ളപ്പൊക്കമുണ്ടാകുന്ന സ്ഥലങ്ങളിൽ ജലനിയന്ത്രണത്തിനായും റിവർ ബേസിൻ മാനേജ്മെന്റ് അതോറിറ്റി രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ; | (ബി) നദികളുടെ സമഗ്രപരിപാലനവും സംരക്ഷണവും ലക്ഷ്യമിട്ട് "സംസ്ഥാന നദീതട അതോറിറ്റി" രൂപീകരിക്കുന്നതിന് തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. സംസ്ഥാനത്തിനകത്തെ നദികളെ നദീതടാടിസ്ഥാനത്തിൽ സംരക്ഷിക്കുക, നദീതട പദ്ധതികൾ ആസൂത്രണം ചെയ്യുക, പാരിസ്ഥിതിക ആഘാതം കുറയ്ക്കാനാവശ്യ മായ നടപടികൾ സ്വീകരിക്കുക, നദികളുടെ നാശത്തിനിടയാക്കുന്ന പ്രവൃത്തികൾ നിയന്ത്രിക്കുക, ജലവിഭവത്തിന്റെ സുസ്ഥിരവികസനം |

ഉറപ്പുവരുത്തുക, ജലവിഭവചൂഷണം നിയന്ത്രിക്കുക, ജലഗുണനിലവാരം നിലനിർത്താനാവശ്യമായ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുക, നദികളിൽ മതിയായ നീരൊഴുക്ക് ഉറപ്പുവരുത്തുക, നദികളിലെ ജലഉപയോഗവുമായി ബന്ധപ്പെട്ടുവരുന്ന ജലതർക്കങ്ങൾ പരിഹരിക്കാനാവശ്യമായ നടപടികൾ സർക്കാരിനോട് ശുപാർശ ചെയ്യുക, നദീതടാസൂത്രണത്തിന്റെ അടിസ്ഥാനത്തിൽ ക്യാച്ച്മെൻറ് നിർദ്ദേശിക്കുക, ജലമലിനീകരണം തടയുന്നതിനുള്ള നടപടികൾ ഉറപ്പാക്കുക, പൊതുജനങ്ങൾക്കിടിയിൽ അവബോധമുണ്ടാക്കുന്ന പ്രവർത്തനങ്ങൾ നിരീക്ഷിക്കുകയും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുക, നദികളുമായി ബന്ധപ്പെട്ട അന്തർ സംസ്ഥാനവിഷയങ്ങളും മറ്റ് തർക്കങ്ങളും ഉൾപ്പെടെയുള്ള പ്രധാനപ്പെട്ട നയപരമായ വിഷയങ്ങളെ സംബന്ധിച്ച് സർക്കാരിന് റിപ്പോർട്ട് നൽകുക തുടങ്ങിയ ചുമതലകളാണ് പ്രധാനമായും അതോറിറ്റിയിൽ വരിക.

(സി) ഡാമുകൾക്ക് നിരീക്ഷണ സംവിധാനവും ഇൻസ്ട്രുമെന്റേഷനും ഏർപ്പെടുത്താൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

(സി) കേന്ദ്ര ജലകമ്മീഷന്റെ നിർദ്ദേശ പ്രകാരം ജലവിഭവ വകുപ്പിന്റെ കീഴിലുള്ള ഡാമുകളിലെ ഇൻസ്ട്രുമെന്റേഷനുകൾക്കായി 10 കോടി രൂപയുടെ പ്രൊപ്പോസലുകൾ Dam Rehabilitation and Improvement Project-ൽ ഉൾപ്പെടുത്തി അംഗീകാരത്തിന് കേന്ദ്ര ജലകമ്മീഷന് സമർപ്പിച്ചിട്ടുണ്ട്.

പദ്ധതിയുടെ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് പ്രസ്തുത പദ്ധതി വകുപ്പ് ഏറ്റെടുത്ത് നടപ്പിലാക്കുന്നതാണ്. ഇതിൽ flood forecasting, integrated reservoir operation എന്നിവയ്ക്ക് ആവശ്യമായ instruments ഉം ഉൾപ്പെടുത്തിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ